## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2085** **16.08.2017-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി വകുപ്പിന്റെ നവീകരണം</u>**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇതര സംസ്ഥാന ലോട്ടറികളുടെ നിയന്ത്രണത്തിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.റ്റി. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കുന്നുണ്ട്.<br><br>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജൻറുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>മിസോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s. Teesta Distributors മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും, ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തിരം പിടിച്ചെടുത്ത് നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലോട്ടറി വകുപ്പിന്റെ നവീകരണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വകുപ്പ് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 15 സബ് ഓഫീസുകൾ വിവിധ ജില്ലകളിലായി പ്രവർത്തനമാരംഭിച്ചു. ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 113 |

| | | | |
|---|---|---|---|
| | | | പുതിയ തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1,72,89,000/- രൂപയും പ്രതിമാസ ആവർത്തന ചെലവായി 8,46,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുകയും കോഴിക്കോട് ആസ്ഥാനമാക്കി ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം മുതൽ കാസർഗോഡുവരെയുള്ള വിവിധ ഭാഗ്യക്കുറി ഓഫീസുകളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായിട്ടാണ് ഈ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.<br><br>ലോട്ടറി ടിക്കറ്റുകളുടെ അച്ചടി നവീകരിക്കുന്നതിന്റേയും സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റേയും ഭാഗമായി കൂടുതൽ സുരക്ഷാ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>വകുപ്പിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്:-<br><br>വകുപ്പിൽ നിലവിൽ ഉപയോഗത്തിലുള്ള 8 വർഷത്തിലധികം പഴക്കമുള്ള IT ഹാർഡ് വെയർ ഉപകരണങ്ങൾ മാറ്റി പുതിയ കംപ്യൂട്ടർ ഹാർഡ് വെയർ വാങ്ങുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>വകുപ്പിൽ കാലാകാലങ്ങളായി ഉപയോഗിക്കുന്ന LIMS സോഫ്റ്റ് വെയറിന്റെ പുതിയ പതിപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>Online receipt accounting system ആയ www.etreasury.kerala.gov.in എന്ന പോർട്ടലിന്റെ സഹായത്തോടുകൂടി ഭാഗ്യക്കുറി ഏജൻറുമാർ ഓൺലൈനായി പണം ഒടുക്കുന്ന e-treasury പദ്ധതി നടപ്പിലാക്കുവാൻ www.portal.Keralalotteries.in എന്ന പോർട്ടൽ ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | ഓഫീസിലെ ഫയൽ സംവിധാനം കടലാസ് രഹിതമാക്കുന്നതിനും ഫയലുകളെല്ലാം ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിനുമുള്ള ഇ-ഗവേണൻസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനവും ആധാർ അടിസ്ഥാനമാക്കിയുള്ള Biometric Attendance Management System വും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നടപ്പിലാക്കി. |

**സെക്ഷൻ ഓഫീസർ.**